# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : **2842.**

12..10..2011-ൽ മറുപടിക്ക്

## പാലിന്റെ ഗുണനിലവാര പരിശോധന

ചോദ്യം

**ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി,**
**ശ്രീ. സി. മോയിൻകുട്ടി,**
**ശ്രീ. എം. ഉമ്മർ,**
**ശ്രീ. എൻ. ഷംസുദ്ദീൻ.**

(എ) സംസ്ഥാനത്തിനകത്തു തന്നെ പാൽ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്ന സ്വകാര്യ ഡയറി ഫാമുകളിൽ നിന്നുള്ള വ്യത്യസ്ത ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാനുള്ള പരിശോധനാ സംവിധാനങ്ങൾ എന്തെല്ലാമാണ്;

(ബി) സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന ഡയറി ഫാമുകളുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സഹകരണ മേഖലയിൽ കൂടുതൽ ഡയറി ഫാമുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

**ശ്രീ. കെ.സി. ജോസഫ്,**

**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)**

(എ) സംസ്ഥാനത്ത് വിതരണം നടത്തുന്ന എല്ലാ പാൽ ബ്രാൻഡുകളും ക്ഷീരവികസന വകുപ്പിന്റെ ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ പരിശോധിച്ച് ഗുണനിലവാരം ഉറപ്പു വരുത്തുന്നുണ്ട്. ഗുണഭോക്താക്കളുടെ പരാതിയുടെ അടിസ്ഥാനത്തിൽ ഫാമുകളിൽ നിന്നും നേരിട്ടു വിതരണം നടത്തുന്ന പാൽ പരിശോധിച്ച് ഗുണനിലവാരം നിർണ്ണയിച്ചു നൽകിവരുന്നു. പാൽ ഉല്പന്നങ്ങളുടെ പരിശോധന നടത്തുന്നില്ല.

(ബി) ഉണ്ട്. വകുപ്പിന്റെ ധനസഹായത്തോടു കൂടിയാണ് അവ പ്രവർത്തിക്കുന്നത്.

(സി) ഈ കാര്യം പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ.